കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

തിരുപുറം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് **2016–17**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

**e-mail:lfadtvm@yahoo.in**

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 07.08.2017

Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

തിരുപുറം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/2017 തീയതി: 07.08.2017

<u>തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15.05.2017 മുതൽ 23.05.2017 വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.എം.മുഹമ്മദ് സലിം., ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീമതി.സിന്ധു.പി.എസ്., ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | 3. ശ്രീമതി.ജയലക്ഷ്മി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 4. ശ്രീമതി.ആശ.ജി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ.ഷിംജി.ജി., ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ക്രിസ്തുദാസ്.എൽ. പറയൻവിള വീട്, ഇരുവൈക്കോണം, മുള്ളുവിള.പി.ഒ. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | 1. ശ്രീ.വിജയൻ നായർ, അരുണോദയം, കോളിയൂർ, മുട്ടയ്ക്കാട്.പി.ഒ, വെങ്ങാനൂർ - 695523 | 03.06.2014 മുതൽ 31.05.2016 വരെ |
| | 2. ശ്രീ.സി.സുഗതൻ, ശ്രുതി, കിടാരക്കുഴി, കിടാരക്കുഴി.പി.ഒ, (സെക്രട്ടറി ഇൻ ചാർജ്) | 01.06.2016 മുതൽ 14.07.2016 വരെ |
| | 3. ശ്രീമതി.ജയശ്രീ, അഭിജയനിലമ, ഊക്കോട്, ഊക്കോട്.പി.ഒ, തിരുവനന്തപുരം - 695020 | 15.07.2016 മുതൽ 13.10.2016 വരെ |

| | |
|---|---|
| | |
| 4. ശ്രീ.സി.ശ്രീകുമാരൻ നായർ,<br>(സെക്രട്ടറി ഇൻ ചാർജ്ജ്),<br>തൊഴുവറത്തല പുത്തൻ വീട്,<br>കാവക്കുളം, കൊടങ്ങാവിള.പി.ഒ. | 14.10.2016 മുതൽ<br>30.11.2016 വരെ |
| 5. ശ്രീമതി.ജയശ്രീ,<br>അഭിജയനിലമ, ഊക്കോട്,<br>ഊക്കോട്.പി.ഒ, തിരുവനന്തപുരം - 695020 | 01.12.2016 മുതൽ<br>25.01.2017 വരെ |
| 6. ശ്രീ.എസ്.എസ്.ഗിരി,<br>(സെക്രട്ടറി ഇൻ ചാർജ്ജ്)<br>താഴംകാട് വീട്, ഓലത്താന്നി,<br>നെയ്യാറ്റിൻകര.പി.ഒ,<br>തിരുവനന്തപുരം - 695121 | 26.01.2017 മുതൽ<br>22.02.2017 വരെ |
| 7. ശ്രീ.സി.ശ്രീകുമാരൻ നായർ<br>(സെക്രട്ടറി ഇൻ ചാർജ്ജ്)<br>തൊഴുവറത്തല പുത്തൻ വീട്,<br>കാവക്കുളം, കൊടങ്ങാവിള.പി.ഒ. | 23.02.2017 മുതൽ<br>17.03.2017 വരെ |

| | | |
|---|---|---|
| | 8. ശ്രീ.എസ്.മനോജ്,<br>മാനസ സരസ്സ്, ഇടവക്കോട്,<br>ശ്രീകാര്യം.പി.ഒ.,<br>തിരുവനന്തപുരം - 695017 | 17.03.2017 മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആർ.രത്തരാജ്,<br>പുല്ലിംഗൽ കാർമൽ സദൻ,<br>പുത്തൻകട, തിരുപുറം.പി.ഒ. | 01.05.2016<br>മുതൽ<br>31.03.2017<br>വരെ |
| വില്ലേജ്<br>എക്സ്റ്റൻഷൻ<br>ഓഫീസർ<br>(എൽ.വി.ഇ.ഒ-1) | ശ്രീമതി.മിനിമോൾ.ടി.എം,<br>ജോയ് ഭവൻ,<br>മുതുവല്ലൂർക്കോണം, പള്ളിച്ചൽ,<br>നരുവാമൂട്.പി.ഒ,<br>തിരുവനന്തപുരം -695020 | 01.04.2016<br>മുതൽ<br>31.03.2017<br>വരെ |
| വില്ലേജ്<br>എക്സ്റ്റൻഷൻ<br>ഓഫീസർ<br>(എൽ.വി.ഇ.ഒ-2) | ശ്രീമതി.ഷീജ.ടി.എസ്,<br>ബെഥേൽ മന്ദിരം, മലഞ്ചുറ്റ്,<br>പരശ്ശുവയ്ക്കൽ.പി.ഒ,<br>തിരുവനന്തപുരം - 695508 | 02.11.2016<br>മുതൽ<br>31.03.2017<br>വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.ഷീബ എഡ്വാർഡ്,<br>ബെഥേൽ,<br>ടാഗോർ റോഡ്, ആറാമട.പി.ഒ,<br>തൃക്കണ്ണാപുരം. | 01.03.2016<br>മുതൽ<br>31.03.2017<br>വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | ഡോ.അനോൾഡ് ദീപക്ക്,<br>ടി.സി.32/871, വി.ആർ.എ-65,<br>വെട്ടുകാട്, തിരുവനന്തപുരം - 695021 | 01.03.2016 മുതൽ 12.01.2017 വരെ |
| | ഡോ.രാഹുൽ.ജി.ജെ, ജി.ജെ.ഭവൻ, ഓലത്താന്നി, നെയ്യാറ്റിൻകര.പി.ഒ. | 12.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.എസ്.ഗിരിജ, അശ്വതി, ടി.സി.37/90, പഴവങ്ങാടി സ്ട്രീറ്റ്, ഫോർട്ട്.പി.ഒ, തിരുവനന്തപുരം - 695023 | 31.03.2016 മുതൽ 30.07.2016 വരെ |
| | ഡോ.നൃജ കരുണേഷ്,<br>ചെറുനിന്നവിള വീട്, കൊടങ്ങാവിള | 01.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.അനുഷ.ഇ.എം,<br>ഇലവൻകുഴി ഹൗസ്, കൊടവിളാകം,<br>പാറശ്ശാല.പി.ഒ, തിരുവനന്തപുരം -695502 | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് (പരണിയം) | ശ്രീമതി.ശ്രീലത.വി,<br>മയൂഖം, തണ്ടളം, തിരുപുറം.പി.ഒ. | 01.06.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജയ് ഹർഡിൽ,<br>ജെ.എൽ.നികേതൻ, മൂലക്കോണം, കുവളശ്ശേരി.പി.ഒ, തിരുവനന്തപുരം-695512 | 01.04.2016 മുതൽ 22.07.2016 വരെ |
| | ശ്രീമതി.ശ്രുതി.എം.എൽ, സായ് ശ്രുതി, KOORA 46 A, കുട്ടൻവിള,<br>വട്ടിയൂർക്കാവ്.പി.ഒ, തിരുവനന്തപുരം - 695013 | 23.07.2016 മുതൽ 21.08.2016 വരെ |
| | ശ്രീമതി.രമ്യ, തോപ്പിൽ, കുന്നംകുളം ലെയ്ൻ, എ-65, മെഡിക്കൽ കോളേജ്.പി.ഒ. | 22.08.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുനിൽ വിൽസൻ, വിൽസ് കോട്ടേജ്, ചാത്തന്നൂർ, കൊല്ലം - 691577. | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | വസ്തു നികുതി കുടിശ്ശിക - 69,71,950/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 2-1 | |
| 13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. | 2-2 | |
| 14 | പഞ്ചായത്ത് മേഖലയിലെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നില്ല | 2-3 | |

| | | | |
|---|---|---|---|
| | ഭാഗം - 3 | | |
| 15 | ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷമ്- അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ പിഴവ് | 3-1 | |
| 16 | വിധവാ പെൻഷൻ - വരുമാന സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കും പെൻഷൻ അനുവദിച്ചു | 3-2 | |
| 17 | വാർദ്ധ്യക്യകാല പെൻഷൻ - വയസ്സ് തികയുന്നതിന് മുൻപ് അനുവദിച്ചു | 3-3 | |
| 18 | മുൻകൂർ നൽകിയെങ്കിലും പണി പൂർത്തീകരിച്ചില്ല-10,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-4 | |
| 19 | വികലാഗർക്ക് പെട്ടിക്കട - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-5 | |
| 20 | വി.ഇ.ഒ അക്കൗണ്ട് സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-6 | |
| 21 | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലെ ആരും പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. | 3-7 | |
| 22 | ഗ്രോ ബാഗിൽ പച്ചക്കറികൃഷി- ഗ്രാമസഭ അംഗീകരിക്കാത്ത 18 പേർക്ക് ആനുകൂല്യം നൽകി, ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്കും | 3-8 | |

| | | | |
|---|---|---|---|
| | ആനുകൂല്യം അനുവദിച്ചു. | | |
| 23 | ഗ്രോ ബാഗിൽ പച്ചക്കറികൃഷി(ജനറൽ) -ഗ്രാമസഭ അംഗീകരിക്കാത്ത 15 പേർക്ക് ആനുകൂല്യം നൽകി | 3-9 | |
| 24 | കൃഷി ഓഫീസർ നടപ്പിലാക്കി. പ്രോജക്ടിലെ അപാകതകൾ | 3-10 | |
| 25 | വൃദ്ധജനപരിപാലനം - പദ്ധതി വിഭാവനം പൂർണമല്ല. | 3-11 | |
| 26 | ആയുർവേദ ആശുപത്രിക്ക് പരിശോധന ടേബിൽ വാങ്ങിയില്ല- തുക 13054/- രൂപ നിരാകരിക്കുന്നു. | 3-12 | |
| 27 | ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായില്ല | 3-13 | |
| 28 | മരാമത്ത് ബിൽതുകയിൽ നിന്നും കുറവ് വരുത്തുന്ന നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയ വിവരം ഹാജരാക്കിയില്ല. | 3-14 | |
| 29 | പശ്ചാത്തല വികസനം - അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണമായും നടപ്പിലാക്കിയിട്ടില്ല. | 3-15 | |
| 30 | തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതി- അവലോകനം | 3-16 | |

| | | | |
|---|---|---|---|
| 31 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് -2,24,364/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല | 3-17 | |
| | ഭാഗം -4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 09-03-2016തിയതിയിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 18.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 604052 |
| വരവ് | 35064885 |
| ആകെ | 35668937 |
| ചെലവ് | 32538860 |
| നീക്കിയിരിപ്പ് | 3130077 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 9442028 | 9442028 | 9442028 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 699300 | 699300 | 699300 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 329505 | 329505 | 329505 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 2650557 | 2650557 | 2650557 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1746567 | 1746567 | 1746567 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 6174 | 1136360 | 1142534 | 890965 | 251569 | |
| ബി ഫണ്ട് | 0 | 995160 | 995160 | 995160 | 0 | 100 |
| ലോകബാങ്ക് ധനസഹായം | 0 | 411813 | 411813 | 411813 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 218799 | 6232512 | 6451311 | 5077557 | 1373754 | 79 |

| | | | | | | |
|---|---|---|---|---|---|---|
| തനതു ഫണ്ട് | 379079 | 11421083 | 11800162 | 10295408 | 1504754 | 0 |
| ആകെ | 604052 | 35064885 | 35668937 | 32538860 | 3130077 | |

*വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.*

1. 2016-2017 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ 235453/- രൂപയാണ് ബാക്കി വരേണ്ടത് (ബി -15 ഷെഡ്യൂളിൽ). എന്നാൽ 6971950/- ആണ് ബി-15 ൽ കൊടുത്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഇനം | ഡിമാന്റ് (As per I-1) | കളക്ഷൻ ( As per RP-13) | എ.എഫ്.എസ് പ്രകാരം ബാലൻസ് (As per B 15) | ബാലൻസായി വരേണ്ടത് |
|---|---|---|---|---|
| കെട്ടിടനികുതി | 2573117 | 2337664 | 6971950 | 235453 |

കൂടാതെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് (I-1, RP-13, B-15) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2. 2015-16 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതിയുടെ കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുക 12570/-ആണ്. എന്നാൽ 2016-17 വർഷത്തെ RP43 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി കുടിശ്ശികയിലെ വരവുതുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 28100/- രൂപയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 127 | 63 | 0 | 64 | 62 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1845593 | 3067264 | 1221671 | 40 |
| നികുതിയേതര വരവുകൾ | 8092815 | 438428 | -7654387 | 94 |
| ആകെ | 9938408 | 3505692 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 785160 | 780 |
| കർഷകതൊഴിലാളി പെൻഷൻ | 2343450 | 781 |
| വിധവാപെൻഷൻ | 1257350 | 419 |
| വാർദ്ധക്യകാലപെൻഷൻ | 2415600 | 774 |
| വികലാംഗപെൻഷൻ | 873250 | 288 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 210000 | 7 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 78050 | 26 |
| ആകെ | 7962860 | 3075 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-05-2017 രാവിലെ 11.00AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5593/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. മൊബൈൽ ടവ്വറുകളുടെ കാര്യത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി നഷ്ടം പരിഹരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്ന് പരസ്യനികുതി ഈടാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴവൻ പദ്ധതികളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2017 മുതൽ 25.02.2017 വരെ | 01.01.2017 മുതൽ31.01.2017 വരെ | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2012 മുതൽ 18.10.2012 വരെ | 2007-2008 മുതൽ 2011-2012 വരെ | ---- |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി കുടിശ്ശിക - 69,71,950/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 203 പ്രകാരം പിരിച്ചെടുക്കേണ്ട വസ്തു നികുതി ഗ്രാമ പഞ്ചായത്ത് കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. 2016-2017 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 69,71,950/-രൂപ വസ്തു നികുതിയിനത്തിൽ ഗ്രാമ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസായ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിന് ഭരണ സമിതി അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്/ പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

1999-ലെ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം (3) പ്രകാരം പഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം (5) പ്രകാരം ഓരോ സാമ്പത്തിക വർഷവും പുതുക്കൽ ഫീസ് അടച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ തിരുപുറം പഞ്ചായത്തിൽ ഒരു പാരാ മെഡിക്കൽ സ്ഥാപനത്തിൽനിന്നും രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

### 2-3 പഞ്ചായത്ത് മേഖലയിലെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് അവ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല.പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പരസ്യനികുതിയുമായി ബന്ധപ്പെട്ട ബൈലാ പാസ്സാക്കി പരസ്യനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ-

**അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ പിഴവ്**

ജി.ഒ.(എം.എസ്)58/14 സ.ക്ഷേ.വ തിയതി.20.06.14 പ്രകാരം ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷന് അർഹതയുള്ള ഗുണഭോക്താവിന്റെ വാർഷിക കുടുബ വരുമാനം 1 ലക്ഷത്തിൽ അധികമാകാൻ പാടില്ല. വാർഷിക വരുമാനം അർഹതയ്ക്ക് പ്രധാന മാനദണ്ഡമായതിനാൽ റിപ്പോർട്ടിൽ വരുമാനത്തിന്റെ വിവരം അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി വരുമാനം ഉൾപ്പെടെയുള്ള വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഇത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകൾ അവ ലഭിക്കുന്ന ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വിധവാ പെൻഷൻ - വരുമാന സർട്ടിഫിക്കറ്റ് ഇല്ലാതെ പെൻഷൻ അനുവദിച്ചു.

വിധവാ പെൻഷനായുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ ഫയലിൽ വിശദമായ റിപ്പോർട്ട് എഴുതുകയോ, കുടുംബത്തിന്റെ വാർഷിക വരുമാനം സാക്ഷ്യപ്പെടുത്തുകയോ യഥാസമയം ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വാർദ്ധ്യക്യകാല പെൻഷൻ- പ്രായപരിധി തികയാത്തവർക്ക് അനുവദിച്ചു.

വാർദ്ധ്യക്യകാല പെൻഷനുള്ള ചില അപേക്ഷകളിൽ പെൻഷൻ അർഹതയ്ക്കുള്ള പ്രായപരിധി തികയാത്തവർക്കും പെൻഷൻ അനുവദിക്കുന്നു.

ഉദാ:

| ക്രമ നം. | ഫയൽ നമ്പർ | ജനന തിയതി | അപേക്ഷാതിയതി |
|---|---|---|---|
| 1 | എ5/2948/16 | 5.11.1956 (SSLC പ്രകാരം) | 1.06.2016 |
| 2 | എ5/4877/16 | 5.11.1956 (അപേക്ഷ പ്രകാരം) | 17.09.2016 |
| 3 | എ5/4905/16 | 1.03.1957 (അപേക്ഷ പ്രകാരം) | 19.09.2016 |

ഭാവിയിൽ ഇത്തരം കേസുകളിൽ നടപടിക്രമം പാലിച്ചുമാത്രം പെൻഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മുൻകൂർ നൽകിയെങ്കിലും പണി പൂർത്തീകരിച്ചില്ല - 10000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിർവഹണോദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : വ്യക്തിഗത ടോയ്ലറ്റ് (ജനറൽ)

പ്രോജക്ട് നം. : SOO20/17

ബിൽ നം., തുക : i) 1/28.07.16 : 8,80,000/-
ii) 2/11.08.16 : 16,76,400/-

iii) 3/27.09.16: 1,54,000/-

176 വ്യക്തിഗത ടോയ്ലറ്റുകൾ നിർമിക്കുന്നതിന് 15400/-വീതം ധനസഹായം നൽകാനുദ്ദേശിച്ചുള്ളതാണ്
പ്രസ്തുത പ്രോജക്ട്. എന്നാൽ ചുവടെ പറയുന്ന 2 ഗുണഭോക്താക്കൾക്ക് മുൻകൂർ ആയി 5000/- വീതം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ബാക്കി
തുക നൽകിയിട്ടില്ല എന്നാണ് നിർവഹണോ ദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

| ക്രമ നം. | പേര് | ചെക്ക് നം/ തിയതി |
|---|---|---|
| 1 | മണിയൻ, S/oഅന്തോണി, കുഴിവിള മേലെ പുത്തൻ വീട് | 703044/9.12.16 |
| 2 | വിജയൻ,S/oസത്യനേശൻ, പറയൻവിള വീട്, മുള്ളുവിള പി.ഒ. | 703045/09.12.16 |

നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും മുൻകൂറായി
കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വികലാംഗക്കർക്ക് പെട്ടിക്കട - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ശാരീരിക വൈകല്യമുള്ളവർക്ക് കച്ചവടത്തിന് ധനസഹായം നൽകി അതുവഴി അവർക്ക് തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാനുദ്ദേശിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയതാണ് പ്രസ്തുത പ്രോജക്ട്.

പെട്ടിക്കട നിർമിക്കുന്നതിനായി 4 ഗുണഭോക്താക്കൾക്ക് 25000/- വീതം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. കടയുടെ നിർമാണം പൂർത്തീയായിട്ടുണ്ടോ എന്ന പരിശോധന മാത്രമാണ് മോണിറ്ററിംഗ് സമിതിയും നടത്തിയിട്ടുള്ളത്. കച്ചവടത്തിനായി ധനസഹായം കൈപ്പറ്റിയ

ഗുണഭോക്താക്കൾ പ്രസ്തുത ആവശ്യത്തിന് തന്നെ ആയത് ഉപയോഗപ്പെടുത്തുന്നോ എന്നത് വ്യക്തമല്ല. മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം ഫലവത്താക്കി ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വി.ഇ.ഒ അക്കൗണ്ട് സൂക്ഷിക്കുന്നതിലെ അപാകതകൾ

3. പ്രസ്തുത അക്കൗണ്ടിൽ (നം.1700101010774) ഗുണഭോക്കൾക്ക് നൽകുവാൻ ശേഷിക്കുന്ന തുക, മുൻവർഷങ്ങളിലെ പലിശ എന്നീ ഇനങ്ങളിലായി 06-12-2016-ൽ 44142/-രൂപ ബാക്കിയുണ്ട്. ടി തുക തനത് ഫണ്ടിൽ ഒടുക്കു വരുത്തി അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ജി.ഒ (എം.എസ്) 93/2013/ ത.സ്വ.ഭ.വ തിയതി 15.03.2013പ്രകാരം സബ്സിഡി തുക ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സാഹചര്യം ഒഴിവാക്കി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ തിരുപുറം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി/വി.ഇ.ഒ-യുടെ പേരിൽ ഒരു അക്കൗണ്ട് നിലവിലുണ്ട്. ചില പ്രോജക്ടുകളിൽ ചെക്ക് മുഖേന തുക വിതരണം ചെയ്തതായും കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

## 3-7 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ ആരും പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | : 111/17 (വാഴകൃഷി) |
| ബിൽ നം. | : KBT6/2016-17 തീയതി 30.03.17 |
| തുക | : 46800/- |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം-111/17 പ്രകാരമുള്ള വാഴകൃഷി (പട്ടികജാതി) പദ്ധതിയിൽ ആനുകൂല്യം നൽകിയിരിക്കുന്നത്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്കാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 തീയതി 23-05-2017-ന് കൃഷി ഓഫീസർ മറുപടി നൽകിയില്ല.

തിരുപുറം ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഈ പ്രോജക്ടിന് ഗ്രാമസഭ തെരഞ്ഞെടുത്ത് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട ആരും തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പുതിയ ലിസ്റ്റിൽ ആനുകൂല്യം ലഭിച്ചവരാരെയും ഗ്രാമസഭ കൂടി നാളിതുവരെ അംഗീകാരം നൽകിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ഈ പ്രോജക്ടിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-8 ഗ്രോബാഗിൽ പച്ചക്കറി കൃഷി - ഗ്രാമസഭ അംഗീകരിക്കാത്ത 18 പേർക്ക് ആനുകൂല്യം നൽകി- ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്കും ആനുകൂല്യം അനുവദിച്ചു

പ്രോജക്ട് നം. : 69/16-17 (ഗ്രോബാഗിൽ പച്ചക്കറി കൃഷി)

ബിൽ നം. : KBT8/16-17 തീയതി 30.03.17

തുക : 45000/-

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 69/17 ഗ്രോബാഗിൽ പച്ചക്കറികൃഷി എന്ന പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്ത 18 പേർക്ക് ആനുകൂല്യം നൽകി. ഗുണഭോക്താക്കളുടെ അപര്യാപ്തത കാരണം പഞ്ചായത്ത് നൽകിയ ഗ്രാമസഭ അംഗീകരിക്കാത്ത ലിസ്റ്റിൽപ്പെട്ട 18 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പഞ്ചായത്ത് നല്കിയ ലിസ്റ്റിൽപ്പെടാത്ത ശ്രീ.എം.സുകുമാരൻ, മണ്ണയ്ക്കൽ വീട്, തിരുപുറം എന്ന വ്യക്തിയ്ക്കും പദ്ധതി പ്രകാരം ആനുകൂല്യം നൽകി. മേൽവിഷയങ്ങൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി 11 പ്രകാരം (23-05-2017) കൃഷി ഓഫീസർക്ക് അന്വേഷണക്കുറിപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഇതിന് മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് ലിസ്റ്റിൽപ്പെട്ടവരെയും അവതരിപ്പിച്ച് അടുത്ത ഗ്രാമസഭയിൽ അംഗീകാരം വാങ്ങേണ്ടതും ടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ലിസ്റ്റിൽപ്പെടാത്ത വ്യക്തി പദ്ധതിയിൽ ഉൾപ്പെട്ടതിനെ സംബന്ധിച്ചുള്ള മതിയായ വിശദീകരണവും കൃഷി ഓഫീസർ ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. തദനുസൃതമായി ഓഡിറ്റ് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-9 ഗ്രോബാഗിൽ പച്ചക്കറികൃഷി (ജനറൽ)- ഗ്രാമസഭ അംഗീകരിക്കാത്ത 15 പേർക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നം. : 99/17 (ഗ്രാബോഗിൽ പച്ചക്കറികൃഷി (ജനറൽ)

ബിൽനം. : KBT 7/2016-17

തീയതി : 30-03-17

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ 15 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. അടുത്ത ഗ്രാമസഭയിൽ ടി വ്യക്തികളെ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. അല്ലാത്ത പക്ഷം ഓഡിറ്റ് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-10 കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിലെ മറ്റ് അപാകങ്ങൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മിക്ക അപേക്ഷകളിലും കൃഷി ഓഫീസർ പരിശോധിച്ച് അംഗീകാരം നൽകിയതായി കാണുന്നില്ല.

1. കൃഷി ഓഫീസർ നടപ്പിലാക്കിയ 2016-17 വർഷത്തെ ഒറ്റ പ്രോജക്ടിലും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2. കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 44 (നെൽകൃഷി വികസനം - ഒന്നാം വിള; പ്രോജക്ട് നമ്പർ 85 - സമഗ്ര നെൽകൃഷി വികസനം അപേക്ഷകൾ/രേഖകൾ കൃഷി ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ പരിശോധിച്ചതായോ അംഗീകരിച്ചതായോ ഒപ്പിട്ടതായോ

കാണുന്നില്ല.

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നം.11 (23.05.2017) പ്രകാരം കൃഷി ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത എൻക്വയറിക്ക് മറുപടി തന്നിട്ടില്ല. മതിയായ വിശദീകരണം അടിയന്തിമായി നൽകേണ്ടതാണ്.

## 3-11 വൃദ്ധ ജന പരിപാലനം - പദ്ധതി വിഭാവനം പൂർണ്ണമല്ല

പ്രോജക്റ്റ് നം. : 102/16-17 (വൃദ്ധജന പരിപാലനം)

ബിൽ നം. : 03/16-17 തുക 10.03.2017

തുക : 93850

100 വൃദ്ധജനങ്ങൾക്ക് ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി ആയുർവേദ ഡോക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധജനപരിപാലനം എന്ന പ്രോജക്ടിൽ നാളിതുവരെ 74 വൃദ്ധജനങ്ങളുടെ ലിസ്റ്റാണ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്. 26 പേരുടെ ലിസ്റ്റ് ഇനിയും ലഭിക്കാനുണ്ട്. പദ്ധതി വിഭാവനം ചെയ്തതിലെ അപാകതയാണിത്. മതിയായ ഗുണഭോക്താക്കളെ കണ്ടെത്തി സമയബന്ധിതമായിട്ട് പ്രോജക്റ്റ് നടപ്പാക്കേണ്ടതിന് പകരം മതിയായ വ്യക്തികളുടെ ലിസ്റ്റ് കിട്ടാത്തതിനാൽ പദ്ധതി പഞ്ചായത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

കൂടാതെ ഔഷധിയിൽ നിന്നും ഈ പ്രോജക്റ്റ് പ്രകാരമുള്ള മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. 93850/- രൂപയുടെ മരുന്ന് ലഭിക്കേണ്ട സ്ഥാനത്ത് 27465 രൂപയുടെ ഔഷധങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 66385/-രൂപയുടെ ഔഷധങ്ങൾ ഔഷധിയിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കിയതിന്റെ പൂർണ്ണ വിവരങ്ങൾ/രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 ആയുർവേദ ആശുപത്രിക്ക് പരിശോധന ടേബിൾ വാങ്ങിയില്ല – 13054/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : 104/16-17(ആയുർവേദാശുപത്രിക്ക് പരിശോധനാ ടേബിൽ വാങ്ങൽ)

ബിൽ നം. : 04/15-16 തീയതി: 10-03-17

തുക : 13054

നിർവ്വഹണം : ആയുർവേദ ഡോക്ടർ

സിഡ്കോയിൽ നിന്നും ആയുർവേദാശുപത്രിക്ക് പരിശോധനാ ടേബിൾ വാങ്ങുന്നതിന് തുക കൊടുത്തുവെങ്കിലും നാളിതുവരെ സിഡ്കോ പരിശോധനാ ടേബിൾ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് ടേബിളിനുവേണ്ടി സിഡ്കോയ്ക്ക് നൽകിയ തുക 13054/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ടേബിൾ ലഭ്യമായ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി 10-ാം നമ്പരായി നൽകിയതിൽ സിഡ്കോയ്ക്ക് ഓർമ്മകത്ത് അയച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ

അറിയിച്ചിട്ടുണ്ട്.

## 3-13 ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായില്ല.

പ്രോജക്റ്റ് നം. : 108(ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ)

ബിൽ നം. : 01/16-17 തീയതി 29-11-16

(ഡി.ഡി.നം.385989 തീയതി 02-02-2016)

തുക : 300144/-

നിർവ്വഹണം : ആയുർവേദ ഡോക്ടർ

ഔഷധിയിൽ നിന്നും 300144/-രൂപയുടെ മരുന്ന് വാങ്ങുന്നതിനുള്ള ഓർഡറാണ് നൽകിയിട്ടുള്ളത്. 238176/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി 61968/- രൂപയുടെ മരുന്ന് ഔഷധിയിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പ്രോജക്റ്റ് നം. : 110/16-17 (ത്വക്ക് രോഗങ്ങളും ആയുർവേദ ചികിത്സയും)

ബിൽ നം. : 03/16-17 തീയതി 10-03-17

(ഡി.ഡി നം.385989 തീയതി 02-12-2016)

തുക : 300000/-

നിർവ്വഹണം : ആയുർവേദ ഡോക്ടർ

ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. 7003/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. ടി തുകയ്ക്കുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 മരാമത്ത് ബിൽ തുകയിൽ നിന്നും കുറവ് വരുത്തുന്ന നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയതിന്റെ വിവരം ഹാജരാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ കൺവീനർ പ്രവൃത്തികളിൽ നിന്നും നികുതി ഇനങ്ങൾ, ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്ത് ഐ.റ്റി, വാറ്റ് എന്നിവ ട്രഷറിയിലും നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലുമാണ് അടവാക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത തുകകൾ ട്രഷറിയിലും, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലും അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി നം.09/22-05-2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റിന്റെ പേര് (നം) | ബിൽ | ബിൽ നം | വാറ്റ് | ഐ.റ്റി | KCWWF |
|---|---|---|---|---|---|---|

| നം. | | തുക | | | | |
|---|---|---|---|---|---|---|
| 1 | സിറ്ററം - കരുവായ്ക്കല നടപ്പാത കോൺക്രീറ്റിംഗ് (S0 121/17) | 137271 | 6/AE/LSGD/TP/ 16-17 dated 14.03.17 | 6864 | 1373 | 1373 |
| 2 | മുറുവച്ചാൽ ആവണമൂല റോഡ് റീടാറിംഗ് (SO 105/17) | 329505 | 5/AE/LSGD/TP/16-17 dated 14-03-17 | - | - | 1373 |
| 3 | മാങ്കുളം പള്ളിനട റോഡ് കോൺക്രീറ്റിംഗ് (SO 116/17) | 137271 | 7/AE/LSGD/TP/16-17 dated 14-03-17 | 6864 | 1373 | 1373 |
| 4 | പരണിയം പി.എച്ച്.സിയ്ക്ക് ലാബ് നിർമ്മാണം (SO-137/16 (15-16) (SO-11/17 (16-17) | 62256 | 3/AE/LSGD/TP/16-17 dated 23-01-16 | - | - | 587 |
| 5 | പരണിയം പി.എച്ച്. സി-യ്ക്ക് ചുറ്റുമതിൽ നിർമ്മാണം (SO-115/16 (15-16) (SO-10/17 (16-17) | 156470 | 2/AE/LSGD/TP/16-17 dated 23-01-17 | - | - | 1476 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6 | ചെരുമാശ്ശേരി അങ്കൻവാടി ചുറ്റുമതിൽ നിർമ്മാണം<br>(SO-120/16 (15-16)<br>(SO-08/17 (16-17) | 172853 | 4/AE/LSGD/TP/16-17<br>dated 30-01-17 | - | - | 1631 |
| 7 | പുത്തൻകട മാർക്കറ്റ് നവീകരണം<br>(SO-130/16 (15-16)<br>SOO-12/17 (16-17) | 186960 | 1/AE/LSGD/TP/16-17<br>dated 29-12-2016 | - | - | 1764 |

ഓഡിറ്റിന് ഹാജരാക്കിയ ഡി.ഡി. രജിസ്റ്ററിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ട് നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അടവാക്കേണ്ട തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാനായി നിർദ്ദേശം നൽകിയതിന്റെയോ, തുക ലഭിച്ചതായുള്ള ക്ഷേമനിധി ബോർഡിന്റെ രസീത്/കത്ത് എന്നിവയോ ഹാജരാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 <u>പശ്ചാത്തല വികസനം - അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല</u>

അസി.എഞ്ചിനീയർക്ക് തൻവർഷം 157 പദ്ധതികളിലായി ആകെ 1,77,46,692/- രൂപയുടെ അടങ്കലുള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ പശ്ചാത്തല മേഖലയിൽ 10 പദ്ധതികളിലായി 35,37,120/- രൂപയുടെ പദ്ധതികൾ മാത്രമാണ് അസി.എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ളത്. ആയതിൽ 3 പദ്ധതികൾ ഒഴികെ ബാക്കിയുള്ളവ സ്പിൽ ഓവർ പദ്ധതികൾ ആണ്. പശ്ചാത്തല മേഖലയിൽ വകയിരുത്തിയ തുകയിൽ 20% മാത്രം ചെലവഴിച്ച നടപടി വികസന പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നതാണ്. അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി - അവലോകനം

പ്രോജക്ട് നം. : SO 107/17

ആകെ അടങ്കൽ : 138400 (തനത് ഫണ്ട്)

ചെലവ് : 39887 (ചെലാൻ നം. 736611/27-03-17)

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പഞ്ചായത്ത് പ്രദേശത്തെ തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുവാനായി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി "അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട്" (ABC project) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 17.10.2016-ൽ നടന്ന യോഗത്തിന്റെ നിർദ്ദേശത്തോടെ തിരുപുറം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി പ്രതിരോധ കുത്തിവെയ്പ്പിനുള്ള മരുന്ന്, വന്ധ്യംകരണത്തിനുള്ള മരുന്ന് എന്നിവയുടെ ചെലവ് കൂടാതെ മറ്റ് ചെലവുകൾ നടത്താൻ ചുവടെ ചേർത്ത രീതിയിൽ ജില്ലാ പഞ്ചായത്ത് അനുവാദം നൽകിയിട്ടുണ്ട്.

| | |
|---|---|
| മാസ്റ്റർ ട്രയിനർ (ഓണറേറിയം) - നായ്ക്കളെ പിടിക്കുന്നതിനുള്ള ജീവനക്കാരെ പരിശീലിപ്പിക്കുന്നതിന് | 1000 രൂപ/ദിവസം |
| ട്രെയിനർ - (ഓണറേറിയം) | 750രൂപ/ദിവസം |
| ട്രെയിനീസ് (ഓണറേറിയം) | 600രൂപ/ദിവസം |
| ഹെൽപ്പേഴ്സ് (ഓണറേറിയം) | 500രൂപ/ദിവസം |
| വെറ്ററിനറി സർജൻ (ഓണറേറിയം) | 1300രൂപ/ദിവസം |
| അസി.ഡോഗ് ക്യാച്ചർ (ഓണറേറിയം) | 600രൂപ/ദിവസം |
| നായ്ക്കൾക്കുള്ള ഭക്ഷണം, പരിചരണം | 300രൂപ/ദിവസം |
| വാഹന ചെലവ് | 20 രൂപ /കി.മീ. |

പഞ്ചായത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ഓണറേറിയം - 31100

വാഹന ചെലവ് - 3211

മരുന്ന് വാങ്ങൽ - 5576

39887

=====

സ.ഉ(എം.എസ്)16/2016/PLG തീയതി. 13-04-16 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനവും 70:30 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ഒറ്റ പ്രോജക്ടായി രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പദ്ധതിക്കുള്ള DPR(Detailed Project Report) തയ്യാറാക്കി സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ് സെക്രട്ടറിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ തിരുപുറം ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയപ്പോൾ മേൽ ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

രണ്ട് ഘട്ടങ്ങളിലായി 24 തെരുവ് നായ്ക്കളെ മാത്രമാണ് വന്ധ്യം കരിച്ച് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുള്ളത്. ജനങ്ങളുടെ ജീവനുതന്നെ ഭീഷണി ഉയർത്തുന്ന തെരുവ് നായ്ക്കളെ നിയന്ത്രിക്കാനായി സർക്കാർ തലത്തിൽ ഉത്തരവുകളും, മാർഗ്ഗരേഖയും നിലവിലിരിക്കേ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയും പഞ്ചായത്ത് അധികൃതർ വിഷയം കൈകാര്യം ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേ വിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് (സ.ഉ (സാധാ) 2306/2014/തസ്വഭവ/തീയതി 02.09.14) കൂടുതൽ തെരുവ് നായ്ക്കളെ ഉൾപ്പെടുത്തി ഭാവിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-17 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് -224364/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | പ്രോജക്ട് നം. | നൽകിയ തുക (രൂപ)/സ്ഥാപനം | മരുന്ന് ലഭ്യമായത് | മരുന്ന് ലഭ്യ മാകാനുള്ളത് |
|---|---|---|---|---|
| 1 | S0038/17, ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 80,000/- ഹോംകോ, CB No.3/16-17 തീയതി.23.02.17 | - | 80,000/- |

| | | | | |
|---|---|---|---|---|
| 2 | SOO39/17, ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഫർണിച്ചർ/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 23,000/- സിഡ്കോ, CB No.4/16-17 തീയതി.23.02.17 | - | 23,000/- |
| 3 | പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ | 1,50,000/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമി., CB No.2/17 തീയതി.23.02.17 | 88,636/- Invoice No.2670 dtd: 26.04.17 കാരുണ്യ ഫാർമസി | 61,364/- |
| 4 | പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ | 60,000/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമി., CB No.11/17 തീയതി.30.03.17 | | 60,000/- |
| ആകെ | | | | 224364/- |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1) അവ ബന്ധപ്പെട്ട സ്ഥാപനങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽക്കാണിച്ചിരിക്കുന്ന 2,24,364/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പടുത്തേണ്ടതും അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | സ.ഉ(എം.എസ്) 478/2010/ തസ്വഭ.11.02.10 | 3593500 | 3136323 | 881228 | - | 2255095 |

വി.ഇ.ഒ-യുടെ അകൗണ്ടിൽ ഇൻററസ്റ്റ് ഇനത്തിൽ ലഭിച്ച 21878/-രൂപ (RP32) ഇ.എം.എസ് ലോൺ തിരിച്ചടവിന് വിനിയോഗിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35668937 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32538860 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സിയിലേയും തുകയാണ്.)

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(12) | 13054 | ഡോ.നൂജ കരുണേഷ് (ആയുർവേദ ഡോക്ടർ) |

*(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.നൂജ കരുണേഷ് | - | ചെറുനിന്ന വിള വീട്,<br>കൊടങ്ങാവിള. |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-00 | എൽ.എഫ്.റ്റി.ഡി.6(എ)/706/01<br>തിയതി 17.07.14 | 2 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി.1/69/05<br>തിയതി 17.05.05/22.08.09 | 13 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.1/389/09<br>തിയതി 17.07.14 | 2 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1597/2005,<br>23-6-14 | 9 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.1/390/09<br>തിയതി 17.07.14 | 2 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1604/09 തിയതി 25.02.2011 | 6 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1605/09 തിയതി 17.07.2014 | 2 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.1/891/2011 തിയതി 17.07.14 | 2 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.1/892/2011 തിയതി 17.07.14 | 5 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.1/276/2012 തിയതി 17.07.14 | 5 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.1/2206/13 തിയതി 01.1.14 | 16 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/2498/2013 തിയതി 21.5.15 | 13 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1739/14 തിയതി 05.11.15 | 11 |
| 2013-14 | - | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/948/16 തിയതി 01.06.16 | 16 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2016-2017 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ 235453/- രൂപയാണ് ബാക്കി വരേണ്ടത് (ബി -15 ഷെഡ്യൂളിൽ). എന്നാൽ 6971950/- ആണ് ബി-15-ൽ കൊടുത്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഡിമാന്റ് (As per I-1) | കളക്ഷൻ (As per RP-13) | എ.എഫ്.എസ് പ്രകാരം ബാലൻസ് (As per B 15) | ബാലൻസായി വരേണ്ടത് |
|---|---|---|---|---|
| കെട്ടിടനികുതി | 2573117 | 2337664 | 6971950 | 235453 |

കൂടാതെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് (I-1, RP-13, B-15) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. 2015-16 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതിയുടെ കുടിശ്ശിക യിനത്തിൽ കിട്ടാനുള്ള തുക 12570/-ആണ്. എന്നാൽ 2016-17 വർഷത്തെ RP43 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി കുടിശ്ശികയിലെ വരവുതുകയായി രേഖപ്പെടുത്തിയിരി ക്കുന്നത് 28100/- രൂപയാണ്.

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ,

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്.

എ.എൻ.16/8/17